## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5251

05.07.2012 ൽ മറുപടിയ്ക്ക്

# സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഇപ്പോൾ എത്രയാണ്; | (എ) 31.03.2012 ലെ കണക്കുപ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 391.49 കോടി രൂപയാണ് (12.72%). |
| (ബി) നിഷ്ക്രിയ ആസ്തി കുറയ്ക്കാനും റബ്കോയുടെ കടം വീട്ടാനും ഉദ്ദേശിച്ച് ആസൂത്രണം ചെയ്ത സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി എത്ര കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചത്; ആയതു വഴി എത്ര കോടി രൂപയാണ് ലഭിച്ചത്; വിശദമാക്കുമോ; | (ബി) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുവാനായി ആസൂത്രണം ചെയ്ത സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന 300 കോടി രൂപാ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതുവഴി 12.91 കോടി രൂപ മാത്രമാണ് സമാഹരിക്കുവാൻ കഴിഞ്ഞത്. |
| (സി) സംസ്ഥാനത്തെ എത്ര വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്; അവ ഏതൊക്കെ സഹകരണ സ്ഥാപനങ്ങളെന്നും എത്ര കോടി രൂപ വീതമാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ; | (സി) സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പേര് വിവരവും കുടിശ്ശിക തുകയും ഇനി പറയുന്നു. |

| | | (തുക കോടിയിൽ) |
|---|---|---|
| 1 | ഹാൻടെക്സ് | 46.72 |
| 2 | കയർഫെഡ് | 73.48 |
| 3 | മാർക്കറ്റിംഗ് ഫെഡറേഷൻ | 36.26 |

| | | |
|---|---|---|
| 4 | റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ | 50.49 |
| 5 | റബ്കോ | 110.72 |
| | **ആകെ** | **317.67** |

(ഡി) സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി ലക്ഷ്യമിട്ടതെന്താണ്; കൂടാതെ സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചില്ലെങ്കിൽ വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എന്തൊക്കയാണെന്നും വ്യക്തമാക്കുമോ?

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും പരമ്പരാഗത വ്യവസായ അപ്പക്സ് സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുള്ള വായ്പ കുടിശ്ശികയായി തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിട്ടുള്ള കുടിശ്ശിക തീർക്കുന്നതിന് ധനം സ്വരൂപിക്കുന്നതിനാണ് കൺസോർഷ്യം പദ്ധതി ലക്ഷ്യമിട്ടിരുന്നത്. സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചില്ലെങ്കിൽ സംസ്ഥാനത്തെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനാവശ്യമായ പുനർവായ്പ നബാർഡിൽ നിന്നും ലഭിക്കാതെ വരികയും, ബാങ്കിന്റെ നഷ്ടം വർദ്ധിച്ച് ഭാരതീയ റിസർവ് ബാങ്ക് നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ